കിളിമാനൂർ മണ്ഡലത്തിലെ കൊലപാതകങ്ങളും അക്രമങ്ങളും

777. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അസംബ്ലി സമ്മേളനത്തിനുശേഷം കിളിമാനൂർ മണ്ഡലത്തിൽ എത്ര കൊലപാതകങ്ങളെക്കുറിച്ച് ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിന് വിടണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട് :

(ബി) ഏതെല്ലാം കേസുകൾ ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിന് വിട്ടിട്ടുണ്ട് ;

(സി) ഏതെല്ലാം കേസുകളുടെയാണ് അന്വേഷണം പൂർത്തിയായിട്ടുള്ളത് ;

(ഡി) ഇനിയും ഏതെല്ലാം കേസുകളുടെ അന്വേഷണമാണ് പൂർത്തിയാക്കിയിട്ടില്ലാത്തത് ;

(ഇ) ഏതെല്ലാം കേസുകളിലെ പ്രതിക്കളെ അറസ്റ്റ് ചെയ്തിട്ടുണ്ട് ;

(എഫ്) ഇനിയും അറസ്റ്റ് നടന്നിട്ടില്ലാത്തത് ഏതെല്ലാം കേസുകളിലെ പ്രതികളെയാണ് ;

(ജി) ഏതെല്ലാം കേസുകൾ ചാർജ് ചെയ്തിട്ടുണ്ട് ;

(എച്ച്) ഇനിയും ഏതെല്ലാം കേസുകളാണ് ചാർജ് ചെയ്യുവാനുള്ളത് ?

ഉത്തരം

(എ) ഒന്ന്.

(ബി, സി, ഡി, ഇ, എഫ്, ജി, എച്ച്) ആകെ രണ്ട് കൊലപാതകങ്ങൾ നടന്നു. കിളിമാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 113/85-ഉം 129/85-ഉം ആണ്. ഇവ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ ക്രൈം നമ്പർ 113/85 ക്രൈം ബ്രാഞ്ച് അന്വേഷണത്തിനു വിട്ടു. ഈ കേസിന്റെ അന്വേഷണം പൂർത്തിയായിട്ടില്ല. ക്രൈം 129/55 ക്രൈം ബ്രാഞ്ചിന് വിടണമെന്ന അപേക്ഷ ലഭിച്ചിട്ടില്ല. ഈ കേസിൽ പ്രതിയെ അറസ്റ്റ് ചെയ്ത് അന്വേഷണം പൂർത്തിയാക്കി ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്.

സോമരാജിനെ മർദ്ദിച്ചതായുള്ള പരാതി

778. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ, പഴയകുന്നുമ്മൽ പഞ്ചായത്തിൽ ചെമ്പകശ്ശേരികടയിൽ വീട്ടിൽ പി. സോമരാജനെ 1985 മാർച്ച് 7-ാം തീയതി വെഞ്ഞാറമൂട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ അകാരണമായി മർദ്ദിച്ച് ലോക്കപ്പിലാക്കിയതിനെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly